# കൃഷി വിജ്ഞാന കേന്ദ്രം- ആലപ്പുഴ

# KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം – 690 533, കേരളം

## വാർത്താപത്രിക

വാല്യം 12 ലക്കം 01 ജനുവരി-മാർച്ച് 2014








മുട്ടാറിൽ കൊയ്ത്തുത്സവം


കർഷകരും ശാസ്ത്രജ്ഞരും മുഖാമുഖം പരിപാടി ദൂരദർശനിൽ


സോണൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ സന്ദർശനം മുട്ടാറിൽ


കുളമ്പുരോഗ ബോധവത്കരണ ക്യാമ്പ്


യുവ ശാസ്ത്രജ്ഞരുടെ ഫീൽഡ്തല പ്രവർത്തി പരിചയം


മികച്ച തക്കാളിയിനങ്ങളുടെ ഉത്പാദനശേഷി വിലയിരുത്തൽ


ചീരയിലെ ജൈവകൃഷി


മൃദു ചീയൽ രോഗത്തെ ചെറുക്കുന്ന ഇഞ്ചിയിനം


പശുക്കളിൽ മദിലക്ഷണം പ്രകടിപ്പിക്കുന്ന ഹോർമോൺ ചികിത്സ


പയർകൃഷിയിൽ സൂക്ഷ്മമൂലക പ്രയോഗം


പശുത്തൊഴുത്തിലെ ഫ്ളോർ മാറ്റുകൾ


കവിത - എന്റെ ജൻമഭൂമി


## മുട്ടാറിൽ കൊയ്ത്തുത്സവം

**ആ**ലപ്പുഴ ജില്ല കൃഷി വിജ്ഞാന കേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന "കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി"യുടെ ഭാഗമായി മുളവനക്കരി പാടശേഖരത്തിലെ 32 ഏക്കർ സ്ഥലത്ത് പുഞ്ചകൃഷിയിൽ നടപ്പിലാക്കിയ "നെൽ കൃഷിയിലെ സംയോജിത വിളപരിപാലനം" എന്ന സാങ്കേതിക വിദ്യാപ്രദർശനത്തിന്റെ കൊയ്ത്ത് ഉദ്ഘാടനം 2014 മാർച്ച് 13 ന് ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭ ഹരിയുടെ സാന്നിദ്ധ്യത്തിൽ സുപ്രസിദ്ധ സിനിമാതാരം ശ്രീ.കൃഷ്ണപ്രസാദ് നിർവ്വഹിച്ചു. വിതയന്ത്രം ഉപയോഗിച്ചുള്ള വിത്തിടൽ, മണ്ണ് പരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ (ഡോളമൈറ്റ്) രാസവളപ്രയോഗങ്ങൾ, സ്യൂഡോമോണാസ്, ട്രൈക്കോ




കാർഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള ജൈവ കീട രോഗനിയന്ത്രണം എന്നീ സംയോജിത കൃഷി രീതികളാണ് നെൽ കൃഷിയിൽ അനുവർത്തിച്ചത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. റെജിമോൾ പുരുഷോത്തമൻ, വൈസ് പ്രസിഡന്റ് ശ്രീ. പി.വി സുകുമാരൻ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി രാജിനി ബിനു, പഞ്ചായത്തംഗം ശ്രീമതി ബിൻസി ഷാബു തുടങ്ങിയവരും തദവസരത്തിൽ സന്നിഹിതരായിരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, കൃഷിവിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി. മുരളിധരൻ, മുട്ടാർ കൃഷി ഓഫീസർ ശ്രീ. ശ്രീകുമാര പണിക്കർ, മുട്ടാർ സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. മാത്തുക്കുട്ടി, കർഷക പ്രതിനിധികളായ ശ്രീ എൻ.കെ വേണുഗോപാൽ, ശ്രീ കെ.സി വാവ, ശ്രീ.പി.എ. തോമസ്, ശ്രീ. ജഗൻ എബ്രഹാം തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. വിത്തിടൽ യന്ത്രം ഉപയോഗിക്കുക വഴി ഏക്കറിനു 8 –10 കിലോഗ്രാം വരെ മാത്രം വിത്ത് ഉപയോഗിച്ചും മണ്ണു പരിശോധനയിലൂടെ ഡോളോമൈറ്റ് ഉപയോഗവും രാസവളപ്രയോഗം 50% വരെ കുറച്ചും നല്ല വിളവ് നേടാൻ കഴിയുമെന്ന് കർഷകർ അഭിപ്രായപ്പെട്ടു. പദ്ധതിയിൽ പങ്കാളികളായ കർഷകരുൾപ്പടെ 200 ഓളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

## കർഷകരും കെ.വി.കെ. യിലെ ശാസ്ത്രജ്ഞരും തമ്മിലുള്ള മുഖാമുഖം പരിപാടി - ദൂരദർശനിൽ

തിരുവനന്തപുരം ദൂരദർശനും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രവും ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രവും സംയുക്ത മായി സംഘടിപ്പിച്ച "കാർഷിക വിജ്ഞാനം ജനങ്ങളിലേക്ക്" എന്ന മുഖാമുഖം പരി



പാടി 22-01-2014 ന് കൃഷ്ണപുരം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ വെച്ച് നടത്തുകയുണ്ടായി. കൃഷി വിജ്ഞാന കേന്ദ്രം വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളും കാർഷിക മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന സംശയങ്ങളുമാണ് ഈ മുഖാമുഖത്തിൽ ചർച്ചചെയ്യപ്പെട്ടത്. ഈ പരിപാടി 2014 ഫെബ്രുവരി 3 മുതൽ 7-ാം തീയതി വരെ ദൂരദർശനിൽ കൃഷിദർശൻ പരിപാടിയിലൂടെ സംപ്രേഷണം ചെയ്യുകയുണ്ടായി. മുഖാമുഖത്തിൽ ജില്ലയിലെ വിവിധ ഭാഗത്തുനിന്നുമുള്ള തൊണ്ണൂറോളം കർഷകർ പങ്കെടുക്കുകയുണ്ടായി.

## സോണൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ സന്ദർശനം മുട്ടാറിൽ



2011 മുതൽ കുട്ടനാട്ടിലെ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന "കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി" യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി ഡോ. വീരഭദ്രയ്യ (റിട്ട: വിജ്ഞാന വ്യാപന വിഭാഗം മേധാവി, യു.എ.എസ് ബംഗളൂരു) യുടെ നേതൃത്വത്തിൽ ഡോ. ജോസ് മാത്യു (വിജ്ഞാന വ്യാപന വിഭാഗം ഉപമേധാവി, കേരള കാർഷിക സർവ്വകലാശാല), ഡോ. വൈ. ജി. പ്രസാദ് (കോർഡിനേറ്റർ, NICRA), ഡോ. ശ്രീനാഥ് ദീക്ഷിത്, (സോണൽ പ്രൊജക്ട് ഡയറക്ടർ ബംഗളൂരു), ഡോ. ഒ.പി.എസ്. ഘോല (മേധാവി, CSWCRTI, ഊട്ടി), ഡോ. ഡി. വി.എസ് റെഡ്ഡി (പ്രിൻസിപ്പൽ സയന്റിസ്റ്റ്, സോണൽ പ്രൊജക്ട് ഡയറക്ടറേറ്റ് ബംഗളൂരു) എന്നിവർ 15.02.2014 ന് പദ്ധതിപ്രദേശം സന്ദർശിച്ചു. വിവിധ പ്രദർശന യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർഷകരുമായും യന്ത്രസേവന കേന്ദ്രത്തിന്റെ ഭാരവാഹികളുമായും സംവദിക്കുകയും ചെയ്തു.

## കുളമ്പുരോഗ പ്രതിരോധ ബോധവത്കരണ ക്യാമ്പ്


ദേശീയ കുളമ്പുരോഗ നിവാരണ യജ്ഞത്തിന്റെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ ബോധവത്കരണ ക്യാമ്പ് ആലപ്പുഴ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മാർച്ച് 10 മുതൽ 22 വരെ നടത്തുകയുണ്ടായി. പാൽ സൊസൈറ്റികളെയും മൃഗാശുപത്രികളെയും കേന്ദ്രീകരിച്ച് 16 ക്യാമ്പുകളും 4 ബോധവത്കരണ ക്ലാസുകളുമാണ് സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി ലഘുലേഖകളും പോസ്റ്ററുകളും ക്ഷീര കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. ക്യാമ്പിലും ക്ലാസിലു



മായി പങ്കെടുത്ത 263 ക്ഷീര കർഷകരും കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ഗോരക്ഷ പദ്ധതിയിൽ കന്നുകാലികളെ കുത്തിവെയ്പ്പിന് വിധേയരാക്കി.

## യുവ ശാസ്ത്രജ്ഞരുടെ ഫീൽഡ്തല പ്രവർത്തി പരിചയം (FET)

കാർഷിക ഗവേഷണ സർവ്വീസ് (ARS) ലേക്ക് പുതുതായി നിയമിതരായി ഹൈദരാബാദിലെ NAARM ൽ അടിസ്ഥാന പരിശീലനം നടത്തിവരുന്ന 99-ാം ബാച്ച് FOCARS ലെ 6 യുവ ശാസ്ത്രജ്ഞർ പരിശീലനത്തിന്റെ ഭാഗമായി ഫീൽഡ് തല പ്രവർത്തി പരിചയത്തിനായി ഫെബ്രുവരി 24 മുതൽ മാർച്ച് 15 വരെ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ചെലവഴിച്ചു. ദേവികുളങ്ങര പഞ്ചായത്തിൽ കർഷകരുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും അവരുടെ നിർദ്ദേശങ്ങളും വരും കാലത്തേക്കുള്ള പദ്ധതികളും പഞ്ചായത്തിലും കൃഷി വിജ്ഞാന കേന്ദ്ര



ത്തിലും അവതരിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികാടിസ്ഥാന വ്യവസായമെന്ന രീതിയിൽ കയർ മേഖലയെ കുറിച്ചും പഠനം നടത്തി.

## കൃഷിയിട പരീക്ഷണങ്ങൾ

### മികച്ച തക്കാളിയിനങ്ങളുടെ ഉത്പാദനശേഷി വിലയിരുത്തൽ

അത്യുത്പാദനശേഷിയുള്ള തക്കാളിയിനങ്ങളായ അർക്ക ആഭ, അർക്ക വികാസ് എന്നിവയുടെ ഉത്പാദന ക്ഷമതയും അനുയോജ്യതയും അനഘ എന്ന ഇനവുമായി താരതമ്യപ്പെടുത്തുന്നതിനായി ഒരു കൃഷിയിട പരീക്ഷണം വെണ്മണി,

ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത അഞ്ച് കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി. സെപ്തംബർ 2013 മുതൽ ജനുവരി 2014 വരെയാണ് ഈ കൃഷിയിട പരീക്ഷണം നടത്തിയത്. അർക്ക ആഭയിൽ 28.75 ടൺ/ഹെ വിളവും 2.04 വരവ് ചിലവനുപാതവും മറ്റിനങ്ങളായ അർക്ക വികാസ്, അനഘ എന്നിവയിൽ യഥാക്രമം 20.625 ടൺ/ഹെ, 16.25 ടൺ/ ഹെ വിളവും 1.47, 1.15 വരവുചില വനുപാതവും രേഖപ്പെടുത്തി. അർക്ക ആഭ ജില്ലയിലെ സാഹ ചര്യങ്ങൾക്കിണങ്ങിയ ഏറ്റവും നല്ല ഇനമായി കാണപ്പെട്ടപ്പോൾ മേൽപ്പറഞ്ഞ മൂന്നിനങ്ങളും ബാക്ടീരിയൽ വാട്ടത്തിനെതിരെ പ്രതിരോധ ശേഷിയുള്ളവയാണെന്ന് പങ്കാളിത്ത കർഷകർ അഭിപ്രായപ്പെട്ടു.




## ചീരയിലെ ജൈവകൃഷി

ജൈവകൃഷിയുടെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി "ചീരയിലെ ജൈവകൃഷി" എന്ന കൃഷിയിട പരീക്ഷണം വെൺമണി, ചെറിയനാട് എന്നീ പഞ്ചായത്തുകളിലെ 7 കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കി. ചാണകം, മണ്ണിരകമ്പോസ്റ്റ്, എല്ലു പൊടി, വേപ്പിൻപിണ്ണാക്ക്, ജീവാണുമിശ്രിതങ്ങൾ എന്നിവയാണ് ജൈവരീതിയിൽ പ്രയോഗിച്ചത്. രാസവളങ്ങൾ



ഉപയോഗിച്ച രീതിയേക്കാൾ 25% കൂടുതൽ വിളവും ഉയരവും മെച്ചപ്പെട്ട ഭാരമുള്ളതുമായ ചെടികൾ ജൈവരീതിയിൽ കൃഷി ചെയ്തപ്പോൾ ലഭിച്ചു. രാസരീതിയിലും ജൈവരീതിയിലും വരവ് ചെലവ് അനുപാതം യഥാക്രമം 2.28 ഉം 2.59 ഉം ആയിരുന്നു. വിളവർദ്ധനവ് കൂടാതെ മണ്ണിന്റെ ജൈവാംശവും വർദ്ധിച്ചതായി കാണപ്പെട്ടു. അതിനാൽ തുടർച്ചയായ കൃഷി ചെയ്യുമ്പോൾ ജൈവരീതിയിൽ കൂടുതൽ ഫലപ്രദമായിരിക്കും എന്ന് കർഷകർ അഭിപ്രായപ്പെട്ടു.

## മൃദുചീയൽ രോഗത്തെ ചെറുക്കുന്ന ഇഞ്ചി ഇനം

ഇഞ്ചിയെ ബാധിക്കുന്ന. ഒരു മാരക രോഗമാണ് മൃദുചീയൽ. ഇലകൾ മഞ്ഞളിക്കുകയും തുടർന്ന് തണ്ടുകൾ കൈകൊണ്ട് വലിച്ചാൽ എളുപ്പത്തിൽ വേർപ്പെടുകയും ഭൂകാണ്ഡവും വേരും അഴുകി നശിക്കുകയും ചെയ്യുന്നതാണ് ലക്ഷണങ്ങൾ. ഈ രോഗം കർഷകനു വലിയ സാമ്പത്തിക നഷ്ടത്തിനു കാരണമാകുന്നു. മൃദുചീയലിനെ ചെറുക്കുന്ന ഒരു ഇനമാണ് കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ 'കാർത്തിക'. ഇതിന്റെ കൃഷി ഒരു പരീക്ഷണമായി കരുവാറ്റ പഞ്ചായത്തിൽ അഞ്ച് കർഷകരുടെ കൃഷയിടത്തിൽ നടപ്പാക്കി. നാടൻ ഇനങ്ങൾ 52% വും രോഗം മൂലം നശിച്ചപ്പോൾ കാർത്തിക പൂർണ്ണമായും രോഗവിമുക്തമായിരുന്നു. രോഗബാധ കൂടുതലുള്ള പ്രദേശങ്ങളിൽ ഇവ നടുന്നത് അഭികാമ്യമാണെന്നാണ് കർഷകരുടെ വിലയിരുത്തൽ. നാടൻ ഇനങ്ങൾക്ക് തുല്യമായ നാരിന്റെ അംശവും രുചിയും ഉള്ളതുകൊണ്ട് ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിലേക്ക് ഈ ഇനം അനുയോജ്യമാണ്. എന്നാൽ മറ്റ് മുന്തിയ ഇനങ്ങളെ അപേക്ഷിച്ച് കാണ്ഡത്തിന്റെ വലിപ്പവും തൂക്കവും കുറവാണ്.

## പശുക്കളിൽ മദിലക്ഷണം പ്രകടിപ്പിക്കുന്ന ഹോർമോൺ ചികിത്സ

പശുക്കളിൽ മദിലക്ഷണം പ്രകടിപ്പിക്കുന്നതിനുള്ള ഹോർമോൺ ചികിത്സ 20 ക്ഷീരകർഷകരുടെ പങ്കാളിത്തത്തോടെ വെൺമണി, ചെറിയനാട്, ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിൽ പരീക്ഷണമായി നടത്തുകയുണ്ടായി. ഇതിൽ ആരോഗ്യമുള്ള, മദിലക്ഷണം പ്രകടിപ്പിക്കാത്ത പശുക്കളിൽ രണ്ടു തരത്തിലുള്ള ചികിത്സ പരീക്ഷിക്കുകയുണ്ടായി.



ആദ്യത്തെ ചികിത്സയിൽ CIDR എന്ന ഉപകരണം ഉപയോഗിച്ച് ചികിത്സിക്കുകയും രണ്ടാമത്തേതിൽ ആദ്യ ചികിത്സയിൽ പരാജയപ്പെട്ട് മദിലക്ഷണം കാണിക്കാത്ത പശുക്കളിൽ ലൂട്ടാലൈസ് (LUTALYSE) എന്ന ഹോർമോൺ കുത്തിവെക്കുകയുമാണ് ചെയ്തത്. ഇതിൽ ആദ്യത്തെ ചികിത്സയായ CIDR ഉപയോഗിച്ച് ചികിത്സിച്ച 20 പശുക്കളിൽ 17 പശുക്കളും ഏഴാമത്തെ ദിവസം മദിലക്ഷണം പ്രകടിപ്പിക്കുകയും കൃത്രിമ ബീജസങ്കലനത്തിലൂടെ ഗർഭം ധരിക്കുകയും ചെയ്തു. CIDR ചികിത്സയിലൂടെ മദിലക്ഷണം കാണിക്കാത്ത മറ്റ് മൂന്നു പശുക്കളിലും ലൂട്ടാലൈസ് കുത്തിവെയ്പ്പ് എടുത്തിട്ടും മദിലക്ഷണം പ്രകടിപ്പിക്കാത്തതിനാൽ CIDR മാത്രം ഉപയോഗിച്ചുള്ള ചികിത്സയാണ് കൂടുതൽ ഫലപ്രദമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

## മുൻനിര പ്രദർശനങ്ങൾ


### പയർ കൃഷിയിൽ സൂക്ഷ്മ മൂലക വളപ്രയോഗം

പച്ചക്കറി കൃഷിയിൽ വിളവർദ്ധനയ്ക്കായി സംയോജിത വളപ്രയോഗം അനുവർത്തിക്കുമ്പോൾ സൂക്ഷ്മ മൂലകങ്ങൾ അനിവാര്യമാണ്. ചെറിയനാട്, വെൺമണി എന്നീ പഞ്ചായത്തിലെ കർഷകരെ ഉൾപ്പെടുത്തി നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ പയറിലെ വിളവർദ്ധനയ്ക്കായി വെജിറ്റബിൾ സ്പെഷ്യൽ (ബാംഗ്ലൂരിലെ ഐ.ഐ.എച്ച്.ആർ നിർമ്മിതം) ഉപയോഗപ്പെടുത്തി. സിങ്ക്, ചെമ്പ്, ഇരുമ്പ്, മാംഗനീസ്, ബോറോൺ എന്നീ മൂലകങ്ങളുടെ മിശ്രിതമാണ് വെജിറ്റബിൾ സ്പെഷ്യൽ. ഈ മിശ്രിതം ഉപയോഗിച്ചത് വഴി 36% വിളവർദ്ധനവ് ലഭിച്ചു. പയറിന്റെ നീളം, തൂക്കം, എണ്ണം എന്നിവയും കൂടുന്നതായി കാണപ്പെട്ടു. ഈ മിശ്രിതം ഇലകളിൽ പലതവണകളായി തളിക്കാൻ ചെലവുകൂടുമെങ്കിലും കൂടിയ വിളവും അതുവഴി ഉയർന്ന ലാഭവും ലഭിച്ചതായി കർഷകർ അഭിപ്രായപ്പെട്ടു.



### പശു തൊഴുത്തിൽ റബ്ബർഫ്ളോർമാറ്റിന്റെ ഉപയോഗം

ശരീരഭാരം കൂടിയ പശുക്കളെ വളർത്തുന്ന തൊഴുത്തിൽ പശുവൊന്നിന് ആറടി നീളത്തിലും നാലടി വീതിയിലും 22 മില്ലി മീറ്റർ കനത്തിലുമുള്ള ഫ്ളോർമാറ്റുകൾ ഉപയോഗിച്ചുകൊണ്ടുള്ള മുൻനിര പ്രദർശനം ചെറിയനാട്, വെൺമണി, ആലാ എന്നീ പഞ്ചായത്തുകളിൽ നടത്തി. ഈ പ്രദർശനത്തിൽ പാലുൽപാദനം, കുളമ്പുകളുടെ അവസ്ഥ, ശരീരത്തിലുണ്ടാകുന്ന ആഘാതങ്ങൾ എന്നിവ നിരീക്ഷണ വിധേയമാക്കി. മാറ്റ് ഉപയോഗിച്ച പശുക്കളിൽ മറ്റു പശുക്കളെ അപേക്ഷിച്ച് ദൈനംദിന പാലുൽപാദനം ഏകദേശം ഒരു ലിറ്ററോളം വർദ്ധിക്കുന്നതായും കുളമ്പുകളുടെ തേയ്മാനവും ശരീരത്തിലുണ്ടാകുന്ന ചതവുകളും മുറിവുകളും കുറയുന്നതായും പങ്കാളികളായ കർഷകർക്ക് ബോധ്യപ്പെട്ടു.



### പരിശീലന പരിപാടികൾ

ഈ കാലയളവിൽ 15 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇതിൽ വനിതകളും കർഷകരും യുവജനങ്ങളും ഉൾപ്പടെ 455 പേർ പങ്കെടുത്തു.

**കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി മുട്ടാർ പഞ്ചായത്തിൽ നടപ്പാക്കിയ "നെൽകൃഷിയിലെ സംയോജിത വിളപരിപാലനം" എന്ന പ്രദർശനത്തിന്റെ കൊയ്ത്തുത്സവത്തോടനുബന്ധിച്ച് ശ്രീ. സണ്ണി മുട്ടാർ രചിച്ച് അവതരിപ്പിച്ച കവിത**

### എന്റെ ജന്മഭൂമി



സണ്ണി മുട്ടാർ

ഉരലില്ലുലക്കയില്ലരകല്ലുമില്ലിന്ന്
തെരുകടയുന്ന സ്വരമതുമില്ലിന്ന്
അറയില്ല പറയില്ലയരിവാളുമില്ലിന്ന്
അരിയിട്ടു പാറ്റുവാൻ മുറമതുമില്ലിന്ന്
ചവിട്ടിക്കറക്കുന്ന ചക്രവുമതില്ലിന്ന്
കറ്റമെതിയ്ക്കുന്ന കളമതുമില്ലിന്ന്
എന്റെ ജന്മഭൂമി മാറ്റത്തിലൂറ്റം കൊള്ളുന്ന നാളിത് (2)

മാറണം മാറണം നീറിനാം മാറണം
പൊങ്ങച്ച ഭാണ്ഡങ്ങൾ തൂക്കിയെറിയണം
മണ്ണിൽ പണിയുവാൻ മടിയില്ലാതാവണം
മണ്ണിന്റെ മണമുള്ള മാനവനാകണം
വിയർപ്പിൽ തിളങ്ങുന്ന കർഷകനാകണം
കൊഴുപ്പാർന്ന ഞൊറിവീണ പേശികൾ മാറണം
എന്റെ ജന്മഭൂമി മാറ്റത്തിലൂറ്റംകൊള്ളുന്ന നാളിത് (2)

അറിവിന്റെ നിറവുമായരികിലുണ്ടവരിന്ന്
വിത്തുണ്ട് സത്തുണ്ട് ആടുണ്ട് മാടുണ്ട്
കർഷക മിത്രമായി കെവികെ യിവിടുണ്ട്
മുട്ടാറുമുത്തായി മാറ്റുന്നു കെവികെ
അറിയാക്കയങ്ങളിൽ മുങ്ങണ്ട നാമിന്ന്
അറിവിന്റെ കുടവുമായി കെവികെയിവിടുണ്ട്
മൂന്നാണ്ടു താണ്ടിയ വിജ്ഞാന കേന്ദ്രമേ
ആയിരമാശംസ നേരുന്നു ചാരുതേ
എന്റെ ജന്മഭൂമി മാറ്റത്തിലൂറ്റം കൊള്ളുന്ന നാളിത് (2)

*പ്രസാധനം* : **ഡോ. ജോർജ്ജ് വി. തോമസ്**, ഡയറക്ടർ, സിപിസിആർഐ, കാസർഗോഡ്;
*ഏകോപനം & എഡിറ്റിംങ്* : **ഡോ. പി. മുരളീധരൻ**, പ്രോഗ്രാം കോർഡിനേറ്റർ; *ശേഖരണം & ലേഔട്ട്* : **ഡോ.എസ്. രവി** എസ്എംഎസ്.; *സാങ്കേതിക വിവരങ്ങൾ* : **രാജീവ് എം.എസ്., ജിസ്സി ജോർജ്ജ്, ലേഖ. ജി, ഡോ.കെ.സജ്നനാഥ്**
*സാങ്കേതിക സഹായം* : **ആരതി ബാലകൃഷ്ണൻ, ബിജില പി.വി., അൻസാരി കെ.എം.** *ഫോട്ടോ* : **ഇ.ആർ. അശോകൻ & കെവികെ സ്റ്റാഫ്**